# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: എസ്.എ.ടി.വി.എം /ജിപി 3/1521 (എ)/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 01/02/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: എസ്.എ.ടി.വി.എം /ജിപി 3/1521 (എ)/2021 തീയ്യതി: 01/02/2022

## തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-11-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ | 09-09-2021 | 27-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-09-2021 | 27-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധു പിഎസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി ബിന്ദുലത ബിപി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ആശ ജിആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ കോസലരാംദാസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ രഞ്ജിത്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ രവി | പ്രസിഡന്റ് | 01-04-2019 | 10-11-2019 |
| ശ്രീ സരസികുട്ടപ്പൻ | പ്രസിഡന്റ് | 11-11-2019 | 31-03-2020 |
| ശ്രീ സജീവ് ലാൽ | സെക്രട്ടറി | 01-04-2019 | 17-05-2019 |
| ശ്രീ അനൂപ് മോഹൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-05-2019 | 14-07-2019 |
| ശ്രീ സന്തോഷ് കുമാർ | സെക്രട്ടറി | 15-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സജീവ് ലാൽ | സെക്രട്ടറി | 01-04-2019 | 17-05-2019 |
| ശ്രീ അനൂപ് മോഹൻ | സെക്രട്ടറി ഇൻ ചാർജ്ജ് | 18-05-2019 | 14-07-2019 |
| ശ്രീ സന്തോഷ് കുമാർ | സെക്രട്ടറി | 15-07-2019 | 31-03-2020 |
| ശ്രീമതി രമ്യ എസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ ഗ്ളാഡി ഹാൽവിൻ | ചീഫ് മെഡിക്കൽ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി സംഗീത സിഎസ് | VEO I | 01-04-2019 | 31-03-2020 |
| ശ്രീ ജയകുമാർ | VEO II | 01-04-2019 | 31-03-2020 |
| ശ്രീമതി ആശാരാജൻ എസ് | മെഡിക്കൽ ഓഫീസർ, PHC | 01-04-2019 | 31-03-2020 |
| ഡോ വീണ അശ്വതി | മെഡിക്കൽ ഓഫീസർ , ഹോമിയോപ്പതി | 01-04-2019 | 31-03-2020 |
| ഡോ ഈശ്വരപിള്ള | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി ലതാകുമാരി | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ശ്രീമതി സുജി ആർഎസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീ സനൽകുമാർ | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി ശിവപ്രിയ | ICDS സൂപ്പർവൈസർ | 01-04-2019 | 10-12-2019 |
| ശ്രീമതി ജിനി ചന്ദ്രൻ | ICDS സൂപ്പർവൈസർ | 11-12-2019 | 31-03-2020 |
| ശ്രീമതി ഗ്ലാഡി ഹാൽവിൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: BINDHULATHA BP (Senior Grade Auditor, On 05-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Asha G R (Senior Grade Auditor, On 28-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-01-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം 2019-20<br>Written By: Asha G R (Senior Grade Auditor, On 29-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-01-2022) | 1-3 |
| 4 | തൊഴിൽ നികുതി കൃത്യമായി ഈടാക്കുന്നില്ല<br>Written By: Renjith C (Auditor, On 27-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-01-2022) | 1-4 |
| 5 | റേഷൻ കടകളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: Renjith C (Auditor, On 27-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-01-2022) | 1-5 |
| 6 | ഉപയോഗിക്കാത്ത ഔട്ട് ഡോർ കളക്ഷൻ രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കുന്നില്ല<br>Written By: Renjith C (Auditor, On 27-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-01-2022) | 1-6 |
| 7 | പണം നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ<br>Written By: Renjith C (Auditor, On 27-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-01-2022) | 1-7 |
| 8 | സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി-അവലോകനം<br>Written By: Kosalaramadas.K (Senior Grade Auditor, On 29-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-01-2022) | 1-8 |
| 9 | "പാഥേയം" പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല<br>Written By: Kosalaramadas.K (Senior Grade Auditor, On 29-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-01-2022) | 1-9 |
| 10 | തൊഴിലുറപ്പ് പദ്ധതി<br>Written By: Asha G R (Senior Grade Auditor, On 28-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-01-2022) | 1-10 |
| 11 | ഹരിത കർമ്മസേനയുടെ പ്രവർത്തനം - മെച്ചപ്പെടുത്തേണ്ടതാണ്.<br>Written By: Kosalaramadas.K (Senior Grade Auditor, On 29-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-01-2022) | 1-11 |
| 12 | തെരുവുവിളക്ക് മെയിന്റനൻസ് പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Sindhu P.S (Audit Officer, On 27-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-01-2022) | 1-12 |
| 13 | ഇലക്ട്രിക്കൽ ഉപകരണങ്ങൾ - സ്റ്റോക്കിൽ ശേഷിച്ചിരുന്നവ വിതരണം ചെയ്തിട്ടില്ല<br>Written By: Sindhu P.S (Audit Officer, On 27-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-01-2022) | 1-13 |
| 14 | തുടർസാക്ഷരത - പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല<br>Written By: Sindhu P.S (Audit Officer, On 27-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-01-2022) | 1-14 |

| | | |
|---|---|---|
| 15 | പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതലകൾ നിറവേറ്റുന്നില്ല<br>Written By: Sindhu P.S (Audit Officer, On 27-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-01-2022) | 1-15 |
| 16 | അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്.<br>Written By: Asha G R (Senior Grade Auditor, On 28-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-01-2022) | 1-16 |
| 17 | ഗ്രാമപഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി പ്രവർത്തനം തൃപ്തികരമല്ല.<br>Written By: Asha G R (Senior Grade Auditor, On 28-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-01-2022) | 1-17 |
| 18 | സംയുക്ത പ്രോജക്ടുകളുടെ വരവ്, ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല.<br>Written By: Asha G R (Senior Grade Auditor, On 28-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-01-2022) | 1-18 |
| 19 | കെ.എസ്.ഇ.ബി. കണക്ഷന് അടങ്കലിൽ നിന്നും അധിക നിരക്കിൽ തുക അനുവദിച്ചു<br>Written By: BINDHULATHA BP (Senior Grade Auditor, On 05-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-01-2022) | 1-19 |
| 20 | സ്റ്റേഡിയത്തിൽ ടോയ് ലറ്റ് നിർമ്മിച്ചത് - പരിപാലനം ഉറപ്പാക്കിയിട്ടില്ല.<br>Written By: BINDHULATHA BP (Senior Grade Auditor, On 05-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-01-2022) | 1-20 |
| 21 | നടപടികൾ സ്വീകരിക്കാത്ത മുൻ ഓഡിറ്റ് പരാമർശങ്ങൾ<br>Written By: Asha G R (Senior Grade Auditor, On 28-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-01-2022) | 1-21 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Asha G R (Senior Grade Auditor, On 03-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-01-2022) | 4-1 |
| 2 | നിക്ഷേപപ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sindhu P.S (Audit Officer, On 06-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sindhu P.S (Audit Officer, On 06-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-01-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sindhu P.S (Audit Officer, On 07-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-01-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Sindhu P.S (Audit Officer, On 06-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-01-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sindhu P.S (Audit Officer, On 06-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-01-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |

| | | |
|---|---|---|
| | Written By: Sindhu P.S (Audit Officer, On 06-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-01-2022) | |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Sindhu P.S (Audit Officer, On 07-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-01-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Asha G R (Senior Grade Auditor, On 07-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-01-2022) | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം<br>Written By: Sindhu P.S (Audit Officer, On 06-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-01-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 26.2.2019 തീയതിയിലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 191880642/- രൂപ വരവും 191880642/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. ബജറ്റ് തയ്യാറാക്കുന്നതിലെ / ചെലവുകൾ നിയന്ത്രിക്കുന്നതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) വിവിധ ഹെഡുകളിൽ പ്രതീക്ഷിത വരവിലും വളരെ കുറഞ്ഞ വരവാണ് ലഭിച്ചിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് (ബജറ്റ്) | 2019-20 വാർഷിക കണക്കുകൾ പ്രകാരം വരവ് തുക | 2019-20ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് |
|---|---|---|
| 1101001 വസ്തുനികുതി (കുടിശ്ശിക ഡിമാന്റ് ഉൾപ്പെടെ) | 3972777 | 8500000 |
| 1101101 സേവന നികുതി | 0 | 100000 |
| 1102001തൊഴിൽ നികുതി | 1641660 | 6000000 |
| 1301001റെന്റ് ഫ്രം ലാന്റ് & ബിൽഡിംഗ്സ് (കുടിശ്ശിക ഡിമാന്റ് ഉൾപ്പെടെ) | 141013 | 700000 |
| 1401201 പെർമിറ്റ് ഫീസ് | 151446 | 600000 |
| 1401101 ലൈസൻസ് ഫീ | 245075 | 800000 |
| 1405001 യൂസർ ചാർജ്ജ് | 738883 | 2800000 |

പഞ്ചായത്തിന് ലഭിക്കേണ്ട തുക (ഡിമാന്റ്) പോലും പരിഗണിക്കാതെയാണ് പ്രതീക്ഷിത വരവു തയ്യാറാക്കിയിട്ടുള്ളത്.

ബി) ബജറ്റിൽ വകയിരുത്താതെ ചെലവ് ചെയ്തിരിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214(5) പ്രകാരം ബജറ്റിൽ വകയിരുത്താത്ത തുക ചെലവഴിക്കുന്നുണ്ടെങ്കിൽ അനുബന്ധ ബജറ്റ്/പരിഷ്കരിച്ച ബജറ്റ് അവതരിപ്പിക്കേണ്ടതും തൊട്ടടുത്ത ഗ്രാമപഞ്ചായത്ത് യോഗത്തിൽ അംഗീകരിക്കേണ്ടതുമാണ്. എന്നാൽ മേൽ നടപടിക്രമങ്ങൾ പാലിക്കാതെ ബജറ്റിൽ വകയിരുത്തിയതിലും അധികമായി ചെലവ് ചെയ്തിരിക്കുന്നു,

ഉദാഹരണങ്ങൾ

| ഹെഡ് കോഡ് (ബജറ്റ്) | 2019-20 വാർഷിക കണക്കുകൾ പ്രകാരം ചെലവു ചെയ്ത തുക | 2019-20ബജറ്റ് പ്രകാരം വകയിരുത്തിയ തുക |
|---|---|---|
| 2101002 വേജസ് | 780065 | 650000 |
| 2105001 എംപ്ലോയീസ് പി.എഫ്. കോൺട്രിബ്യൂഷൻ | 20093 | 0 |
| 2305001 റിപ്പയർസ് & മെയിന്റനൻസ് ബിൽഡിംഗ്സ് | 342445 | 325000 |
| 2305007 റിപ്പയർസ്& മെയിന്റനൻസ് വൈദ്യുതി | 397210 | 225000 |

വകയിരുത്തിയതിലുമധികമായി ചെലവു ചെയ്തതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (21/19-20തീയതി 23.09.2021) സാംഖ്യയിൽ പേയ്മെന്റ് ചെയ്തപ്പോൾ ഹെഡിൽ തെറ്റായി വന്നതാണ് എന്നു മറുപടി ലഭ്യമാക്കി.

ഗ്രാമപഞ്ചായത്ത് 2019-20 റിവൈസ്ഡ് ബജറ്റ് തയ്യാറാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വരവ് ചെലവുകളുമായി പൊരുത്തപ്പെടുന്ന വിധത്തിൽ ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ബജറ്റിൽ അധികരിച്ച ചെലവുകൾ പേയ്മെന്റ് ഹെഡ് ബുക്ക് ചെയ്തതിലെ പിഴവ് കൊണ്ടാണെങ്കിൽ, ആയതു സംബന്ധിച്ച വിശദമായ മറുപടി, ബുക്ക് ചെയ്യപ്പെട്ട ഹെഡ്, ബുക്ക് ചെയ്യേണ്ടിയിരുന്ന ഹെഡ്, ബുക്ക് ചെയ്ത തുക തുടങ്ങിയവിവരങ്ങൾ ഉൾപ്പെടുത്തി വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രിക ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2020 | 12.06.2020 | - | - |

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ.

1) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവിനേക്കാൾ കൂടുതൽചെലവ് ബുക്ക് ചെയ്തിരിക്കുന്നു.( വരവ് 75493353, ചെലവ് 81392761)

2) ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

3) കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated (3958677)എന്നത് Net Increase/decrease In Cash And Cash Equivalents(704977) ുമായി പൊരുത്തപ്പെടുന്നില്ല.

4) ബി14 - Stock In Hand (Inventories) ൽ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ള 60484 മായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

5) എസ് ബി ഐ ഇ- പേയ്മെന്റ് , PO SB A/c, DCB തനത് ഫണ്ട്, Co - Operative ബാങ്ക്, ഫെഡറൽ ബാങ്ക് LIFE എന്നീ അക്കൌണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

6. Treasury തനത് ഫണ്ട് അക്കൗണ്ടിന്റെ ജനുവരി 2019 ലെ ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് നെഗറ്റീവ് (-4214940 )ആണ്.

7. SBIതനത് ഫണ്ട് അക്കൗണ്ടിന്റെ മാർച്ച് 2020 ലെ റീ കൺസിലിയേഷൻ പത്രികയിൽ കാലാവധി കഴിഞ്ഞ 246689/- രൂപയുടെ ചെക്കുകൾ ഉൾപ്പെട്ടിട്ടുണ്ട്. (Cheque Issued But Not Presented Into Bank). ആയത് Stale Cheque ആയി അക്കൌണ്ട് ചെയ്തിട്ടില്ല.

8. Treasury Own Fund അക്കൗണ്ടിന്റെ മാർച്ച് 2020 ലെ റീ കൺസിലിയേഷൻ പത്രികയിൽ കാലാവധി കഴിഞ്ഞ 462716/- രൂപയുടെ ചെക്കുകൾ ഉൾപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ.((cheque Issued But Not Presented Into Bank) .

| ചെക്ക് നം | തീയതി | തുക | തുക ബാങ്കിൽ നിന്നും പിൻവലിച്ച തീയതി (രേഖകൾ സഹിതം) | ചെക്ക് ആർക്ക് നൽകി / ആവശ്യം |
|---|---|---|---|---|
| 2740252 | 05.12.2019 | 249516 | | Ae LSGD Pro No 175 |
| 2740256 | 30.11.2019 | 167491 | | ....Cancelled In Bill Register |
| 2740242 | 18.10.2019 | 31919 | | Kerala Kaumudi Advertisement |
| 875233 | 23.10.2019 | 1000 | | - |
| 875234 | 23.10.2019 | 12790 | | - |

ആയത് Stale Cheque ആയി അക്കൌണ്ട് ചെയ്തിട്ടില്ല.

9) SBI NREGS അക്കൗണ്ടിന്റെ ജൂൺ 2019 ലെ റീ കൺസിലിയേഷൻ പത്രിക പ്രകാരം 109057/- രൂപ Cheques Deposited But Not Collected എന്നയിനത്തിൽ കാണുന്നു. ആയത് ഏതിനത്തിലെ വരവാണ് എന്ന് വ്യക്തമാക്കിയിട്ടില്ല.

തുക കളക്ഷനായതായി ബാങ്ക് സ്റ്റേറ്റ്മെന്റിൽ കാണുന്നില്ല. എന്നാൽ ജൂലൈ 2019 ലെ റീ കൺസിലിയേഷനിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ( നം 10)

10) SBI NREGS അക്കൗണ്ടിന്റെ വിവിധ മാസങ്ങളിലെ റീ കൺസിലിയേഷൻ പത്രികയും NREGS കാഷ് ബുക്ക് പ്രകാരമുള്ള റീ കൺസിലിയേഷൻ പത്രികയും പൊരുത്തപ്പെടുന്നില്ല. (ഉദാ - ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ 2019)

11)രജിസ്ററർ പ്രകാരമുള്ള പ്രകാരമുള്ള വരവുകൾ ധനകാര്യപത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| വരവിനം | രജിസ്റ്റർ പ്രകാരമുള്ള വരവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് (തൻവർഷ വരവ്+ മുൻകൂർ ) |
|---|---|---|
| Comfort സ്റ്റേഷൻ | 35700 | 23800+12495 |
| സൈക്കിൾ സ്റ്റാന്റ് പാർക്കിഗ് | 3675 | 0+3859 |
| പബ്ലിക് മാർക്കറ്റ് | 1010000 | 648333+337167 |
| ഫലവൃക്ഷങ്ങളിൽ നിന്നുള്ള വരവ് | 3360 | 2760+8280 |
| സ്ക്രാപ്പ് വിറ്റുവരവ് | 3700 | 1500 |
| വാടക | 164718 | 163899 |

12) രജിസ്റ്ററിലെ വിവരങ്ങൾ ധനകാര്യപത്രികയിലെ വിവരവുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | രജിസ്റ്റർ പ്രകാരം | | | ധനകാര്യപത്രിക പ്രകാരം | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| വാടക | 210989 | 164718 | 42923 | 110873 | 163899 | - |
| വസ്തുനികുതി ( കറണ്ട്) | 2819110 | 2314965 | 380706 | 2696743 | 2202095 | 519381 |
| വസ്തുനികുതി ( അരിയർ ) | 991148 | 399423 | 608175 | 1276033.7 | 373851 | 230020.7 |

13) മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല. 2018-19 ലെ ധനകാര്യപത്രിക പ്രകാരം മുൻകൂറായി നൽകിയിരിക്കുന്ന തുകകൾ 2019-20 സാമ്പത്തിക വർഷവും ക്രമീകരിച്ചിട്ടില്ല,

| ഇനം | 2018-19 ലെ ധനകാര്യപത്രിക പ്രകാരം നീക്കിയിരിപ്പ് | 2019-20 ധനകാര്യപത്രിക പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| ടൂർ ടി എ | 2000 | 2000 |
| ഫെസ്റ്റിവൽ അഡ്വാൻസ് | 3000 | 3000 |

14) ഡെപ്പോസിറ്റിനങ്ങളിൽ വരവ്, ചെലവ് , നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല

| ഇനം | രജിസ്റ്റർ പ്രകാരം | ധനകാര്യപത്രിക പ്രകാരം |
|---|---|---|

| | വരവ് | ചെലവ് | നീക്കിയിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| Bidders EMD | 35980 | 12981 | 155709 | 25000 | 2001 | 155709 |
| Suppliers Security Deposit | 0 | 35100 | 47442 | 0 | 0 | 47442 |
| Bidders Security Deposit | 5200 | 3000 | 63400 | 5000 | 0 | 63400 |
| Auction Deposit | 360021 | 358696 | 558300 | 5000 | 0 | 558300 |
| Contractors Retension | 32931 | 39887 | 47 | 0 | 0 | 7003 |

15) ഹഡ്കോ വായ്പാ രജിസ്റ്ററിൽ വായ്പയുമായി ബന്ധപ്പെട്ട മുഴവൻ വിശദാംശങ്ങളും രേഖപ്പെടുത്തി കാലികമാക്കിയിട്ടില്ല.

ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം 2019-20 ൽ ലഭ്യമായ വായ്പതുക 8260000/-ഉം ചെലവ് ചെയ്ത തുക 7480000/- ഉം ആണ്. എന്നാൽ ധനകാര്യപത്രിക പ്രകാരം ലഭ്യമായ തുക 10560000/-രൂപായും ചെലവ് 9600000/- ഉം ആണ് . 2019-20 ൽ തിരിച്ചടച്ച വായ്പ സംബന്ധിച്ച വിശദാംശങ്ങൾ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

16) B18 ൽ ഉൾപ്പെടുത്തിയിരിക്കുന്ന ഡെപ്പോസിറ്റ് വർക്ക് ഇനങ്ങളിലെ (വാട്ടർ അതോറിറ്റി, കെ.എസ് ഇ ബി) രജിസ്ററർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

17) ബി 7 പ്രകാരം 1025335/- രൂപ വിവിധയിനങ്ങളിലെ ഡെപ്പോസിറ്റിനങ്ങളിലെ നീക്കിയിരിപ്പായി അവശേഷിക്കുന്നു. ഇതിൽ മൂന്ന് വർഷത്തിലധികമായ ഡെപ്പോസിറ്റുകൾ സംബന്ധിച്ച വിശദാംശങ്ങൾ ( തുക) ലഭ്യമാക്കിയിട്ടില്ല.

ലഭ്യമാക്കിയ രജിസ്റ്ററിൽ മുൻവർഷങ്ങളിലെ ഡെപ്പോസിറ്റ് സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

18) ഗ്രാമപഞ്ചായത്തിലെ ദിവസവേതന, പാർട്ട് ടൈം , കരാർ ജീവനക്കാർ, ജനപ്രതിനിധികളുടെ ഓണറേറിയം ,സിറ്റിംഗ് ഫീസ് എന്നിവരുടെ മാർച്ച് 2020ലെ ചെലവുകൾക്ക് ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

19) വാർഷികകണക്കുകൾക്കൊപ്പം അനുപാതങ്ങൾ (Ratios ) ഉൾപ്പെടുത്തിയിട്ടില്ല.

20) നോട്സ് ഓൺ അക്കൗണ്ട്സ് വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

21) 2019-20 സാമ്പത്തിക വർഷത്തിൽ നടത്തിയ ഇ ടെണ്ടറിൽ നിന്നുള്ള ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടത്. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിനു ലഭിക്കുവാനുള്ള തുകയായി വാർഷിക കണക്കുകളിൽ ഉൾക്കൊള്ളിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

22) Profession Tax , Institutions, Prefessionals And Traders രജിസ്റ്റർ പ്രകാരം വരവ് 214575, ധനകാര്യപത്രിക പ്രകാരം വരവ് 314840/- രൂപയാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

23) തൻവർഷം ഗുണഭോക്തൃവിഹിതമിനത്തിൽ ലഭ്യമായ തുക 13904/- രൂപ പ്രോജക്ട് നം 87/19 നായി ചെലവഴിച്ചിട്ടുണ്ട് (സുലേഖ പ്രകാരം, കൃഷി ഓഫീസർ). എന്നാൽ ധനകാര്യപത്രികയിൽ ഈ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (ബി 4 പ്രകാരം നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നു)

24) സുലേഖ പത്രിക പ്രകാരം കേരളോത്സവത്തിനായി ചെലവഴിച്ച തുക (പ്രോജക്ട് നം 16) 47178/- ആണ്. എന്നാൽ ധനകാര്യപത്രിക പ്രകാരം (ആർ പി 12) ആയത് 69600/- ആണ്.

25. തനത് ചെലവ് വൌച്ചറുകൾക്കൊപ്പം സാംഖ്യമുഖേന ജനറേറ്റ് ചെയ്യുന്ന പേമെന്റ് വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല.

26. DBT സ്റ്റേറ്റ്മെന്റ് പ്രകാരം സാമൂഹ്യ ക്ഷേമപെൻഷൻ ഇനത്തിൽ ചുവടെ പറയും പ്രകാരം 6,05,32,600/- രൂപ തൻവർഷം വരവുണ്ട്.

| പെൻഷന്റെ പേര് | ലഭ്യമായ സ്റ്റേറ്റ്മെന്റ് പ്രകാരം തുക | ധനകാര്യപത്രിക പ്രകാരം തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 13873200 | 0 |
| വാർദ്ധക്യകാല പെൻഷൻ | 25453600 | 0 |
| വികലാംഗ പെൻഷൻ | 7445200 | 0 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 798700 | 0 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 12961900 | 0 |

എന്നാൽ ഈ തുകകളൊന്നും ധനകാര്യ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

27. മിസലേനിയസ് റസീപ്റ്റ്സ് എന്ന ലെഡ്ജർ പ്രകാരം (180800199) 72,232/- രൂപ തനത് ഫണ്ടിൽ ഉൾപ്പെട്ടിരിക്കുന്നു. വരവിന്റെ വിശദാംശങ്ങൾ (ഏതിനത്തിലെ വരവുകളാണെന്ന് )ലഭ്യമാക്കിയിട്ടില്ല

28. ഐ സി ഡി എസ് സൂപ്പർവൈസർ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം അനുപൂരക പോഷകാഹാരത്തിനായി തൻവർഷം ലഭ്യമായ തുക 564102/- ആണ്. എന്നാൽ ലെഡ്ജർ പ്രകാരം കേന്ദ്രവിഹിതം ഡെപ്പോസിറ്റ് ചെയ്യുന്നതിനായുള്ള Kerala Gramin Bank ICDS എന്ന അക്കൌണ്ടിലെ തൻവർഷ വരവ് 834102 ആണ്. വ്യത്യാസമുള്ള 270000/- ഏതിനത്തിലെ വരവാണെന്ന് വ്യക്തമല്ല.

29. I 18 Prior Period Income- Property Tax On Non Residential Buildings 235191/- രൂപ 1998 ലെ കേരള പഞ്ചായത്ത് രാജ് (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിതള്ളൽ ) ചട്ടങ്ങൾ ചട്ടം 3 ന് വിരുദ്ധമായി പഞ്ചായത്ത് കമ്മിറ്റി തീരുമാനമില്ലാതെ കുറവു ചെയ്തിരിക്കുന്നു.

## 1-3 ഗ്രാന്റ് വിനിയോഗം 2019-20

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ക്യൂ ബിൽ | നീക്കി യിരിപ്പ്/ലാപ്സായതുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 8894352 | 8894352 | 8353786 | 20566 | 520000 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3809765 | 3809765 | 2509120 | - | 1300645 |
| സി.എഫ്.സി. | 0 | 8714148 | 8714148 | 5310948 | - | 3403200 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 15161000 | 15161000 | 10751219 | - | 4409781 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 3327000 | 3327000 | 2112380 | 99500 | 1115120 |

കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ വരവുകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-3-1 പ്രത്യേകആവശ്യങ്ങൾക്കായി ലഭിച്ച ഫണ്ടുകൾ ചെലവഴിക്കാതെ ബാധ്യതയായി അവശേഷിക്കുന്നു

വിവിധ ഏജൻസികളിൽ നിന്ന് പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഫണ്ടുകൾ മുൻവർഷം ചെലവഴിക്കാത്തത് തൻവർഷവും ചെലവഴിക്കാതെ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| 320100299- Grants For Specific Purposes-other Central Govt Grants | 30000 |
| 320200309- Literacy Scheme Grant | 26973 |
| 320200322- Grants – Total Sanitation | 400000 |
| 320700104- Grant From Block Panchayat (Capital Expenditure) | 1336445 |
| 320700205- Grant From District Panchayat (Revenue Expenditure) | 150000 |
| 320900101- Nirmal Puraskar | 77634 |

തുക നാളിതുവരെ ചെലവഴിച്ചിട്ടില്ലായെങ്കിൽ നൽകിയ ഏജൻസിക്ക് തിരികെ നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-3-2 സംസ്ഥാന ബജററ് പ്രകാരമുള്ള അലോട്ട്മെന്റിനേക്കാൾ കൂടുതൽ തുക പ്രോജക്ടുകൾക്കായി വകയിരുത്തിയിരിക്കുന്നു.

ബജററ് പ്രകാരമുള്ള അലോട്ട്മെന്റിനേക്കാൾ കൂടുതൽ തുക പ്രോജക്ടുകൾക്കായി വകയിരുത്തിയിരിക്കുന്നു.വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | അലോട്ട്മെന്റ് തുക | സുലേഖാ പ്രകാരം വകയിരുത്തിയ തുക |
|---|---|---|
| വികസന ഫണ്ട് - ജനറൽ | 1,14,00,000 | 1,47,41,411 |
| വികസന ഫണ്ട്- SCP | 38,98,000 | 47,49,723 |
| മെയിന്റനൻസ് ഫണ്ട്- റോഡിതരം | 33,27,000 | 38,63,000 |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 1,51,61,000 | 1,07,51,219 |

അപാകതയ്ക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/18.09.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. സംസ്ഥാനബജറ്റ്മുഖേന ലഭ്യമാകുന്ന തുകയ്ക്ക് അനുസൃതമായി പ്രോജക്ടുകൾക്ക് തുക വകയിരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

1-3-3മേഖലാവകയിരുത്തൽ അപാകതകൾ

വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം. 11/2018/തസ്വഭവ തീയതി. 29.01.2018) പ്രകാരം മേഖലാ വകയിരുത്തലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു

1) സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1(1) പ്രകാരം പട്ടിക ഉപജാതി പദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടുള്ളതല്ല . സുലേഖാ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് 2597355/- ആണ്. ലഭ്യമായ തുക(3898000/-) യുടെ 34% തുകയും പാഴാക്കിയിരിക്കുന്നു.

2) തൻവർഷം ലഭ്യമായ തുകയിൽ സ്പിൽ ഓവർ പ്രോജക്ടുകൾക്കായി കൂടുതൽ തുക ചെലവിട്ടിരിക്കുന്നു

| ഫണ്ട് | ആകെ ചെലവ് | സ്പിൽ ഓവർ പ്രോജക്ടുകൾ | | തൻവർഷ പ്രോജക്ടുകൾ | |
|---|---|---|---|---|---|
| | | ചെലവ് | ചെലവ് ശതമാനം | ചെലവ് | ചെലവ് ശതമാനം |
| പൊതുവിഭാഗം (സാധാ) | 10479164 | 1141510 | 11 | 9337654 | 89 |
| പൊതുവിഭാഗം (എസ് സി പി) | 2597355 | 697136 | 27 | 1900219 | 73 |
| സെൻട്രൽ ഫിനാൻസ് കമ്മിഷൻ ഗ്രാന്റ് | 5310948 | 3174217 | 60 | 2136731 | 40 |
| മെയിന്റൻസ് ഫണ്ട് റോഡ് | 10751219 | 4574441 | 43 | 6176778 | 57 |
| മെയിന്റൻസ് ഫണ്ട് നോൺറോഡ് | 2211880 | 0 | 0 | 221180 | 100 |

1-3-4. ഉല്പാദന, സേവന, പശ്ചാത്തല മേഖലകളിൽ വകയിരുത്തുന്ന തുകകൾ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല.

വിശദാംശം ചുവടെ

| ഫണ്ടിനം | മേഖല | വകയിരുത്തിയതുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| പൊതു വിഭാഗം | ഉല്പാദനം | 3016000 | 2035400 | 68 |
| | സേവനം | 12432403 | 8705581 | 70 |

| | | | | |
|---|---|---|---|---|
| | പശ്ചാത്തലം | 9697513 | 5049131 | 52 |
| പട്ടിക ജാതി വിഭാഗം | ഉല്പാദനം | 400000 | 100000 | 25 |
| | സേവനം | 3164750 | 1994235 | 63 |
| | പശ്ചാത്തലം | 1194973 | 503120 | 42 |

## 1-4 തൊഴിൽ നികുതി കൃത്യമായി ഈടാക്കുന്നില്ല

1. 1994 ലെ കേരള പഞ്ചയത്ത്‌രാജ് നിയമത്തിലെ 205(ഡി), 205 (എഫ്) പ്രകാരം ഒരോ വർഷവും ആഗസ്റ്റ് മാസത്തിന്റെയും ഫെബ്രുവരി മാസത്തിന്റെയും അവസാനത്തിനു മുൻപ് സ്ഥാപന മേധാവി നികുതി അടയ്ക്കേണ്ടതായ എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തി തുക പഞ്ചായത്തിലൊടുക്കേണ്ടതുണ്ട്.എന്നാൽ നിശ്ചിത സമയ പരിധിക്കുള്ളിൽ നികുതി ഒടുക്കാൻ വീഴ്ച വരുത്തിയ ചുവടെപ്പറയുന്ന സ്ഥാപന മേധാവികളിൽ നിന്നും പിഴ തുക ഈടാക്കിയിട്ടില്ല.

1. ഡിസിബി കാഞ്ഞിരംകുളം -രണ്ടാം പാദ നികുതി ഒടുക്കിയത് 8-6-20 ന്
2. സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് - രണ്ടാം പാദ നികുതി ഒടുക്കിയത് 27-08-2020 ന്

2.മൗണ്ട് കാർമൽ റെസിഡൻഷ്യൽ സ്കൂൾ, ഡിവൈൻ ടച്ച് ഫിസിയോ തെറാപ്പി സെന്റർ എന്നീ സ്ഥാപനത്തിലെ ജീവനക്കാരുടെ രണ്ടാം പാദ നികുതി ഈടാക്കിയിട്ടില്ല .

3.ബി.എസ്.എൻ.എൽ. ജീവനക്കാരുടെ 2019-20വർഷത്തിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 15ന് നൽകിയ മറുപടിയിൽ മൗണ്ട് കാർമൽ സ്കൂൾ ജീവനക്കാരുടെ രണ്ടാം പാദ നികുതി ആയ 17450 രൂപ 22-09-21 ന ഈടാക്കിയെന്നും ഡി.സി.ബി കാഞ്ഞിരംകുളം, സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് എന്നിവരിൽ നിന്നും പിഴ തുക ഈടാക്കിയെന്നും അറിയിച്ചിട്ടുണ്ട് . നിശ്ചിത സമയ പരിധിക്കുള്ളിൽ നികുതി ഒടുക്കാൻ വീഴ്ച വരുത്തിയവരിൽ നിന്നും പിഴ സഹിതം നികുതി ഈടാക്കേണ്ടതാണ്.

## 1-5 റേഷൻ കടകളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് ആ പഞ്ചായത്തിനകത്തോ പുറത്തോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കിൽ നിന്ന് ആദായം ലഭിക്കുന്നതോ ആയ ഏതൊരാളിന്റെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്.

നിലവിൽ കാഞ്ഞിരംകുളം ഗ്രാമ പഞ്ചായത്ത് പരിധിയിൽ 14 റേഷൻ കടകൾ പ്രവൃത്തിക്കുന്നുണ്ട്. എന്നാൽ ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല. നികുതി ഈടാക്കാത്തതിലെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 19ന റേഷൻ വ്യാപാരികൾക്ക് ലഭിക്കുന്ന കമ്മീഷൻ തുച്ഛമായതിനാൽ ആണ് തൊഴിൽ നികുതി ഈടാക്കാതിരുന്നത് എന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ കേരള സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22-01-2019 ലെ (സി .എസ് )എ 9-764 /2019 ഉത്തരവ് പ്രകാരം റേഷൻ വ്യാപാരികൾ തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരാണ്. ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി നികുതി നഷ്ടം ഒഴിവാക്കേണ്ടതാണ്.

## 1-6 ഉപയോഗിക്കാത്ത ഔട്ട് ഡോർ കളക്ഷൻ രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കുന്നില്ല

ഓരോ സാമ്പത്തിക വർഷവും ഉപയോഗ ശേഷം മിച്ചമുള്ള രസീതുകൾ ക്യാൻസൽ ചെയ്തു സൂക്ഷിക്കേണ്ടതാണ്. എന്നാൽ 51747 നം രസീത് ബുക്കിലെ ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്തു സൂക്ഷിച്ചിട്ടില്ല. കാരണം ബോധിപ്പിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9 ന മറുപടിയായി മിച്ചമുള്ള രസീതുകൾ ഇനിമേൽ ക്യാൻസൽ ചെയ്ത് സൂക്ഷിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. സാമ്പത്തിക വർഷാവസാനം തന്നെ ബാക്കിയുള്ള രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ഇത് കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് സ്ഥാപന മേധാവി ഉറപ്പാക്കുകയും വേണം

## 1-7 പണം നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ

കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.09.2021 തീയ്യതിയിൽ രാവിലെ 12.10 പി.എം. സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ഡേ ബുക്ക് പ്രകാരം 22432 രൂപയുടെ വരവ് ലഭിച്ചിട്ടുണ്ട്. എന്നാൽ ക്യാഷ് കൗണ്ടറിൽ 22449 രൂപ സൂക്ഷിച്ചിരിക്കുന്നു. 17 രൂപ അധികമായി കാണപ്പെട്ടു .തനത് ദിവസം നടക്കുന്ന ഇടപാടിനേക്കാൾ കൂടുതലോ കുറവോ തുക നീക്കിയിരിപ്പായി ഉണ്ടാകാൻ പാടില്ല . ഡേ ബുക്കിന അനുസൃതമായി പണം നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

## 1-8 സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി-അവലോകനം

സംസ്ഥാനത്തിലെ എല്ലാ ഭവനരഹിതർക്കും ഭൂരഹിത ഭവനരഹിതർക്കും ഭവനം പൂർത്തീകരിക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം.

2019-20 സാമ്പത്തിക വർഷം ജനറൽ,എസ്.സി വിഭാഗങ്ങൾക്കായി ലൈഫ് ഭവന പദ്ധതികൾ വി.ഇ.ഒ (വെസ്റ്റ് സർക്കിൾ) നിർവ്വഹണം നടത്തിയിതിൻെറ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | പദ്ധതി നം | അടങ്കൽ | ഫണ്ടിനം | ചെലവ് |
|---|---|---|---|---|---|
| 1 | ലൈഫ് ഭവന പദ്ധതി- ജനറൽ | 25/19-20 | 8293491 | വി.ഫ-2538600<br>സംസ്ഥാനാവിഷ്കൃത ഫണ്ട്-1300000<br>ബ്ളോക്ക് വിഹിതം-538674<br>ജില്ലാ വിഹിതം-1056217,മറ്റുള്ളവ-2860000) | 2436774<br>(വി.ഫ.-2136774<br>സംസ്ഥാനാ വിഷ്കൃതം-300000 |
| 2 | ലൈഫ് ഭവന പദ്ധതി- എസ്.സി | 26/19-20 | 907683 | എസ്.സി.പി-376200<br>സംസ്ഥാനാവിഷ്കൃത ഫണ്ട്-200000<br>ബ്ളോക്ക് വിഹിതം-303800<br>(ജില്ലാ വിഹിതം-27683 | 526200<br>എസ്.സി.പി-376200<br>-(ബ്ളോക്ക് വിഹിതം- 150000 |

2019-20 ലെ ലൈഫ് ഭവന പദ്ധതിയുടെ വിശദാംശങ്ങൾ ആരാഞ്ഞ് 14.09.2021 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ്-നം.7 ന് നിർവ്വഹണോദ്യാഗസ്ഥൻ ലഭ്യമാക്കിയ മറുപടിയുടെ സംക്ഷിപ്തം താഴെ കൊടുക്കുന്നു.

1. പദ്ധതിക്ക് വിരുദ്ധമായി ഉയർന്ന തറവിസ്ത്രിതിയിൽ ഗുണഭോക്താക്കളാരും ഭവനം നിർമ്മിച്ചിട്ടില്ല.

2. പ്രസതുത പദ്ധതികളുടെ ഗുണഭോക്തൃ ലിസ്റ്റ് ലൈഫ് മിഷന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

3. 2019-20 ൽ 113 ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെട്ടിരുന്നു.

4 40 ഗുണഭോക്താക്കൾ 4,00,000/- രൂപ കൈപ്പറ്റി പണി പൂർത്തീകരിച്ചിട്ടുണ്ട്.

5. ലൈഫ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്ത് ധനസഹായം കൈപ്പറ്റിയതിന് ശേഷം അനർഹർ ഉണ്ടായിട്ടില്ല.

6. എഗ്രിമെൻറ് വച്ചിരുന്ന എല്ലാ ഗുണഭോക്താക്കൾക്കും എം. എൻ.ആർ.ജി.എസ് വഴി തൊഴിൽദിനം നൽകിയിട്ടുണ്ട്.

7. ഗുണഭോക്താക്കളെ സഹായിക്കുന്നതിനായി ഭവനനിധി രൂപീകരിച്ചിട്ടിട്ടില്ല.

8. ലൈഫ് പദ്ധതി പ്രകാരമുള്ള കെട്ടിട നിർമ്മാണത്തിന് എല്ലാ ഗുണഭോക്താക്കൾക്കും കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയിട്ടുണ്ട്.

9. ആദ്യ ഗഡു കൈപ്പറ്റി കെട്ടിട നിർമ്മാണം തുടരാൻ കഴിയാത്ത ഗുണഭോക്താക്കൾ ആരും തന്നെയില്ല.

10. ഹഡ്കോ ലോൺ : ഹഡ്കോയിൽ നിന്നും KURDFC മുഖേന നാളിതുവരെ 24358571/- രൂപ ലഭ്യമായിട്ടുണ്ട്.തുക സെക്രട്ടറിയുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കാഞ്ഞിരംകുളം ബ്രാഞ്ച് അക്കൗണ്ടിൽ (A/c No.33739934186 )നിക്ഷേപിച്ച് ചെലവ് ചെയ്തിട്ടുണ്ട്.

11. സർക്കാർ വിഹിതം : സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.സർക്കാരിൽ നിന്നും 10600000/-രൂപ ലഭിച്ചിട്ടുണ്ട്.

12.. ഭവന നിധി : ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്കായി പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡന്റിന്റേയും ഒരു സംയുക്ത അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്ന് ഭവന നിർമ്മാണത്തിനായി തുക അനുവദിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ഭവന നിധി രൂപീകരിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* ഗുണഭോക്താവ് സ്വന്തം നിലയ്ക്ക് അധിക ധനവിഭവം കണ്ടെത്തി ഉയർന്ന തറവിസ്തൃതിയിൽ വീട് നിർമ്മിച്ചിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ളവയ്ക്കും ലൈഫ് മിഷൻ ഭവനനിർമ്മാണ ധനസഹായം പൂർണ്ണമായി നൽകാവുന്നതാണ്. (സർക്കുലർ നം.എൽ എസ്.ജി.ഡി-ഡി.ബി 1/312/2019 തീയതി 06.09.2019).എന്നാൽ അത്തരം വീടുകൾക്ക് അവർ ഭവന നിർമ്മാണം പൂർണ്ണമായും പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രം അവസാന ഗഡു നൽകേണ്ടതാണ്.

* ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിയ്ക്കാണ്. ഭൂമിയുള്ള ഭവനരഹിതരുടെ വ്യക്തിഗത ഭവനനിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ട ചുമതലയും സെക്രട്ടറിക്കാണ്.പദ്ധതിയുടെ മോണിട്ടറിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

* വിവധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കേണ്ടതാണ്.

* സർക്കാരിൽനിന്നും മറ്റു സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

* ഭവന നിധി രൂപീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

* റേഷൻ കാർഡില്ലാത്ത കാരണത്താൽ ഒഴിവായിപോയ അഗതികളെ ഗുണഭോക്താക്കളായി പരിഗണിച്ച് റേഷൻ കാർഡ് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

* ഇത്തരത്തിലുള്ളവരെ തദ്ദേശഭരണ സ്ഥാപനത്തിന്റെ ശുപാർശയിന്മേൽ ജില്ലാ കളക്ടറുടെ അനുമതിയോടുകൂടി ഗുണഭോക്തൃ പട്ടികയിൽ ചേർക്കേണ്ടതും ഭവന നിർമ്മാണത്തിന് ധനസഹായം നൽകേണ്ടതുമാണ്.

* പദ്ധതി പ്രകാരമുള്ള ഭവനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സാധ്യതകളും തേടേണ്ടതാണ്.

* പദ്ധതിയുമായി ബന്ധപ്പെട്ട പുരോഗതിയുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-9 "പാഥേയം" പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | പാഥേയം |
| പദ്ധതി നം. | 39/19-20 |
| അടങ്കൽ തുക | 9,79,200/- |
| ചെലവ് തുക | 5,19,760/- |
| ബിൽ നം., തീയതി & ബിൽ തുക | 1) 5/19-20/2.9.19 - 1,54,560/-<br>2) 6/19-20/21.10.19 - 48,240/-<br>3) 10/19-20/21.1019 - 75,600/-<br>4) 17/19-20/14.2.20 – 80,400/- |

| | |
|---|---|
| | ആകെ. 3,58,800/- |
| നിർവ്വഹണം | വി.ഇ.ഒ ഈസ്റ്റ് സർക്കിൾ |

1. അശരണർക്ക് ആഹാരം കുടുംബശ്രീ വഴി നൽകുന്നതിന് വേണ്ടിയാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്.60 വയസ്സിന് മുകളിലുള്ളവർക്കും, ഒരു നേരത്തെ ഭക്ഷണം കിട്ടാൻ സാദ്ധ്യതയില്ലാത്ത വയോജനങ്ങൾക്കും കുടുംബശ്രീ വഴി ഒരു നേരത്തെ ഭക്ഷണം ലഭ്യമാക്കുന്നതിന് വേണ്ടി 2018-19 സാമ്പത്തിക വർഷത്തിൽ ജില്ലാ പഞ്ചായത്ത് ആരംഭിച്ച പദ്ധതിയാണ് 'പാഥേയം' പദ്ധതി.പ്രസ്തുത പദ്ധതിയുടെ ബിൽ തുക കുടുംബശ്രീ പ്രവർത്തകരായ ശ്രീമതി. മോനുഷ, ശ്രീമതി.അനിതകുമാരി എന്നിവർക്കാണ് കൈമാറിയിരിക്കുന്നത്. പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളുടെ വിരലടയാളം/കൈയ്യൊപ്പ് അല്ലാതെ പദ്ധതിയുമായി ബന്ധപ്പെട്ട യഥാർത്ഥ ചെലവ് രേഖകൾ ഒന്നും തന്നെ പദ്ധതി ഫയലിൻെറ പരിശോധനയിൽ കാണാൻ കഴിഞ്ഞിട്ടില്ല.

അനുബന്ധ ചെലവ് രേഖകൾ ലഭ്യമാക്കുവാൻ 18.09.2021 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.17 ന് വി.ഇ.ഒ മറുപടി ലഭ്യമാക്കിയത് പ്രകാരം ഗ്രാമപഞ്ചായത്തിലെ അർഹതയുള്ള എല്ലാ ഗുണഭോക്താക്കൾക്കും മുടക്കം കൂടാതെ ഭക്ഷണം നൽകുന്നതായും പദ്ധതിയുടെ എല്ലാ ഘട്ടത്തിലും മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള മോണിറ്ററിംഗ് നടന്നു വരുന്നതായും മറുപടി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് ജില്ലാ പഞ്ചായത്തിന് സമർപ്പിച്ചിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമുള്ള ഗുണഭോക്താക്കൾക്കാണ് പദ്ധതിയുടെ ആനുകൂല്യം നൽകുന്നതെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി ഫയൽ രേഖകളിൽ നിന്നും 68 ഗുണഭോക്താക്കൾക്കാണ് (ജനറൽ-24,എസ്.സി-44) പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതെന്ന് കാണുന്നു.യഥാർത്ഥ ചെലവ് രേഖകൾ പദ്ധതി ഫയലിൽ സൂക്ഷിച്ചിട്ടില്ല. പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യം കൈവരിച്ചിട്ടില്ലാ എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതി കാലയളവിൽ അശരണർക്ക് നൽകേണ്ട ഭക്ഷണത്തിലെ വിഭവങ്ങൾ സംബന്ധിച്ച ഭക്ഷണ വിഭവങ്ങളുടെ ഒരു ചാർട്ട് ക്രമപ്പെടുത്തി കൂടുംബശ്രീക്ക് നൽകേണ്ടതും ഭക്ഷണ വിതരണത്തിൽ ആയവ ഉറപ്പ് വരുത്തേണ്ടതും ശരിയായ മോണിറ്ററിംഗിലൂടെ ഭക്ഷണ വിതരണത്തിലെ സുതാര്യത ഉറപ്പ് വരുത്തുവാൻ ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-10 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (രൂപ) | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11427 | 2079819 | 2091246 | 1571064 | 520182 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 23151337 | 23151337 | 23151337 | 0 |

100 ദിന തൊഴിൽ ദിനം പൂർത്തിയാക്കിയവർക്ക് ഇൻസന്റീവ് ഇനത്തിൽ നൽകിയ തുക 285000/- രൂപയും ഭരണചെലവുകളിൽ ഉൾപ്പെട്ടിരിക്കുന്നു.

## 1-11 ഹരിത കർമ്മസേനയുടെ പ്രവർത്തനം - മെച്ചപ്പെടുത്തേണ്ടതാണ്.

പദ്ധതി നം. – 309/19-20

അടങ്കൽ തുക – 71,500/-(വി.ഫ)

ചെലവ് തുക – 23,750/-

ബിൽ നം. - 12/19-20 തീയതി.11.11.19 തുക. 5,270/-

16/19-20 തീയതി.18.01.20 തുക. 18,480/-

ഫണ്ടിനം - വികസന ഫണ്ട്

നിർവ്വഹണം – വി.ഇ.ഒ.

2019-20 സാമ്പത്തിക വർഷം അജൈവ മാലിന്യ പരിപാലനത്തിനും ഗ്രാമപഞ്ചായത്ത് പരിധിയിൽ സൃഷ്ടിക്കപ്പെട്ട അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും ഗ്രാമപഞ്ചായത്ത് ആസൂത്രിതമായ പദ്ധതികളൊന്നും നടപ്പിൽ

വരുത്തിയിട്ടില്ല.കൺസൾട്ടൻസി ആവശ്യകതാ നിർണ്ണയ സർവ്വേ , ഡി.പി.ആർ ആക്ഷൻ പ്ലാൻ , മാലിന്യ സംസ്കരണ മേഖലയിൽ ഗ്രാമപഞ്ചായത്ത് നേരിടുന്ന വെല്ലുവിളികളെ തിരിച്ചറിയുന്നതിനുള്ള പഠനം എന്നിവ ആവിഷ്ക്കരിച്ചിട്ടില്ല.പദ്ധതി നം.309/19-20 ലൂടെ 71,500/- രൂപ അടങ്കൽ വകയിരുത്തി 23,750/-രൂപ ഹരിത കർമ്മസേനാംഗങ്ങളുടെ 31എെഡൻറെറ്റി കാർഡിനും, 32ഓവർ കോട്ടിനുമായി Citius Tailoring Center എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

സംസ്ഥാന ദാരിദ്ര്യ നിർമാർജ്ജന മിഷൻ,കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവ് നം,10394-ഡി-2017/കെ.എസ്.എച്ച്.ഒ തീയതി 23.04.2018 പ്രകാരം തരംതിരിച്ച് സൂക്ഷിച്ചിരിക്കുന്ന അജൈവമാലിന്യങ്ങൾ എം.സി.എഫിൽ നിന്നും ആർ.ആർ.എഫ് ലേക്ക് എത്തിക്കുന്നതിന് ക്ളീൻ കേരള കമ്പനിയുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.മേൽ ഉത്തരവിൻെറ ഖണ്ഡിക.6.1 പ്രകാരം ഹരിത കർമ്മസേനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഫലപ്രാപ്തിയിലെത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും സേനയുടെ പ്രവർത്തന മേഖലയിൽ വരുന്ന തടസ്സങ്ങൾ പരിഹരിക്കുക,സേനയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് വേണ്ട നിയമപരമായ ഇടപെടലുകൾ നടത്തുക എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻെറ ചുമതലകളാണ്.കൂടാതെ സർക്കാർ ഉത്തരവ് (സാധാ) നം.2420/2017/തസ്വഭവ തീയതി 15.07.17 ഖ.3 (17) പ്രകാരം ഹരിത കർമ്മസേന വഴി ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ പുന:ചംക്രമണം ചെയ്യുന്നതിന് വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സാധ്യമായ ഇടങ്ങളിൽ ക്ലീൻ കേരള കമ്പനിയുമായി (ആവശ്യമെങ്കിൽ അനുയോജ്യമായ മറ്റു സ്ഥാപനങ്ങളുമായും)കരാറിൽ ഏർപ്പെടേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലും ഹരിതകർമ്മസേനയുടെ പ്രവർത്തന ഫലമായി അതാതുവാർഡുകളിലെ പാഴ്വസ്തുക്കൾ ശേഖരിച്ച് അതാതുവാർഡുകളിലെ മിനി എം.സി.എഫ് കളിൽ ശേഖരിച്ച് എം.ആർ.എഫ് കളിൽ എത്തിക്കുന്ന പാഴ്വസ്തുക്കൾ തരംതിരിച്ച് ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള ക്ലീൻ കേരള കമ്പനിക്ക് നൽകുന്നതായി 14.09.2021 ലെ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.5ന് വി.ഇ.ഒ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.എല്ലാ വാർഡുകളിലും മിനി എം.സി.എഫും ഗ്രാമപഞ്ചായത്തിനോട് ചേർന്ന് എം.ആർ.എഫും പ്ലാസ്റ്റിക്ക് പൊടിക്കുന്ന ഒരു യൂണിറ്റും പ്രവർത്തിക്കുന്നതായി മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

അജൈവമാലിന്യങ്ങൾ വാങ്ങുന്നതിന് തയ്യാറുള്ള വിവിധ സ്ഥാപനങ്ങൾ കണ്ടെത്തി അവർക്കാവശ്യമായ രീതിയിൽ തരംതിരിച്ച് സൂക്ഷിക്കുന്നതിനും അത് പരമാവധി വരുമാനം ലഭിക്കുന്ന രീതിയിൽ വിപണനം ചെയ്യുന്നതിനും ഹരിതകർമ്മസേനാംഗങ്ങളെ പരിശീലിപ്പിക്കേണ്ടതാണ്.

## 1-12 തെരുവുവിളക്ക് മെയിന്റനൻസ് പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം. 18/19
ചെലവ് – 3,92,500/- രൂപ (തനതു ഫണ്ട്)

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ തെരുവുവിളക്ക് മെയിന്റനൻസ് എന്ന പദ്ധതിക്കായി ക്വട്ടേഷൻ ക്ഷണിക്കുകയും പോളൊന്നിന് 100/- രൂ നിരക്കിൽ പണി ചെയ്യുവാൻ സമ്മതിച്ച ശ്രീ ഷാൻ ശിവരാജൻ എന്ന വ്യക്തിയെ അറ്റകുറ്റപണികൾക്കായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.
എന്നാൽ ടി നിരക്കും മറ്റ് വ്യവസ്ഥകളും ചേർത്ത് ഒരു കരാർ ചമച്ചിട്ടുള്ളതായി ഫയലിൽ രേഖയില്ല. തെരുവുവിളക്ക് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ശ്രീ ഷാൻ ശിവരാജൻ പല ഉപകരണങ്ങളും കൈപ്പറ്റിയിട്ടുള്ളതായും കാണുന്നു. ആയവയൊക്കെ ഉപയോഗിച്ചിട്ടുണ്ടോ അതോ തിരികെ ഏല്പിച്ചോ എന്നതും വ്യക്തമല്ല.
23.03.2020ൽ ശ്രീ കെ.എസ്.പ്രസാദ് എന്നയാൾക്കാണ് അറ്റകുറ്റപണികൾക്കായി ചുവടെ പറയും പ്രകാരം കൂടിയ നിരക്കിൽ ലേബർ ചാർജ്ജ് നൽകിയിട്ടുള്ളത്.

| | |
|---|---|
| സിംഗിൾ ട്യൂബ് സെറ്റ് | 150/- രൂ. |
| ഡബിൾ ട്യൂബ് സെറ്റ് | 200/- രൂ. |
| എൽ.ഇ.ഡി. ബൾബ് | 150/- രൂ. |

ഇതിനോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ശ്രീ ഷാൻ യഥാസമയം പ്രവൃത്തികൾ ചെയ്യാതിരുന്നതിനാലാണ് പുതിയ ആളെ ചുമതലപ്പെടുത്തേണ്ടി വന്നത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. പുതിയ കോൺട്രാക്ടറെ ചുമതലയേല്പിച്ചതിന് ക്വട്ടേഷൻ ക്ഷണിക്കുകയോ കരാർ ചമയ്ക്കുകയോ ഉണ്ടായിട്ടില്ല. മെമ്പർമാരുടെ

നിർദ്ദേശപ്രകാരം പണികൾ ഏല്പിച്ച എന്നാണ് അധികാരികൾ അറിയിച്ചിട്ടുള്ളത്.
വ്യക്തമായ കരാർ രേഖകളില്ലാത്തതിനാൽ കോൺട്രാക്ടർമാർ പഞ്ചായത്തിനോ ഉപകരണങ്ങൾക്കോ ഉണ്ടാകുന്ന നാശനഷ്ടങ്ങൾ പോലും തിരികെ ഈടാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. പ്രസ്തുത വിഷയത്തിൽ നിലവിലുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

## 1-13 ഇലക്ട്രിക്കൽ ഉപകരണങ്ങൾ - സ്റ്റോക്കിൽ ശേഷിച്ചിരുന്നവ വിതരണം ചെയ്തിട്ടില്ല

ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 19-20 സാമ്പത്തികവർഷത്തെ പദ്ധതികൾ പ്രകാരം ഉപകരണങ്ങൾ വാങ്ങുന്നതിനു മുന്നേ ചുവടെപ്പറയുന്ന സാധനങ്ങൾ സ്ഥാപനത്തിൽ നീക്കിയിരിപ്പുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

Tube - 228 എണ്ണം (As On 3.11.19)
LED Bulb - 240എണ്ണം (As On 4.11.19)
Side Holder - 72 എണ്ണം (As On 4.11.19)
Choke -12 എണ്ണം (As On 28.11.19)
Aluminium Wire - 11 എണ്ണം (As On 29.11.19)
Shade - 92 എണ്ണം (As On 29.11.19)
Pendent Holder - 44 എണ്ണം (As On 2.11.19)
Tube Set - 2 എണ്ണം (As On 9.1.18)

പ്രസ്തുത ഉപകരണങ്ങൾ വിതരണം ചെയ്തതായോ എവിടെയെങ്കിലും ഉപയോഗിച്ചിട്ടുള്ളതായോ രേഖയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 19-20ലെ പദ്ധതി പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ പുതിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തപ്പോൾ, മേൽപ്പറഞ്ഞവ കണക്കിലെടുത്തിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥൻ കൃത്യമായി സ്റ്റോക്ക് പരിശോധിച്ച് നീക്കിയിരിപ്പ് സംബന്ധിച്ച വിവരം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പൊതുപണം ഉപയോഗിച്ച് വാങ്ങിയ സാധനങ്ങൾ ഇപ്രകാരം നിരുത്തരവാദപരമായി കൈകാര്യം ചെയ്യുന്നത് ഒഴിവാക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 തുടർസാക്ഷരത - പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല

ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായ തുടർസാക്ഷരത (പ്രോജക്ട് നം S0046/20) എന്ന പദ്ധതി പ്രകാരം പത്താംതരം തുല്യതയ്ക്കായി 6 പേർക്ക് 10,800/- രൂപയും ഹയർസെക്കണ്ടറി തുല്യതാപരീക്ഷയ്ക്കായി 14 പേർക്ക് 39,200/- രൂപയും സാക്ഷരതാമിഷനിലേക്ക് ഒടുക്കിയിട്ടുണ്ട്. ഹയർ സെക്കണ്ടറിയിലെ 4 പേർക്ക് ഒന്നാം വർഷത്തേതും 8 പേർക്ക് രണ്ടാം വർഷത്തേതും 2 പഠിതാക്കൾക്ക് രണ്ടു വർഷത്തെയും ഫീസ് ഒന്നിച്ചുമാണ് ഒടുക്കിയിട്ടുള്ളത്.
എന്നാൽ ടി പഠിതാക്കളുടെ രജിസ്ട്രേഷൻ രേഖകൾ മാത്രമാണ് ഓഡിറ്റ് എൻക്വയറിയുടെ മറുപടിക്കൊപ്പം ഹാജരാക്കിയത്. ഇവർ ക്ലാസ്സുകളിൽ ഹാജരായിരുന്നോ പരീക്ഷ എഴുതിയിരുന്നോ മുതലായ വിവരങ്ങളൊന്നും ലഭ്യമല്ല. ഒരു പഠിതാവിന് ഒന്നാം വർഷത്തെ ഫീസ് 2500/- രൂ എന്നും രണ്ടാം വർഷത്തെ ഫീസ് 2200/- രൂ എന്നും അറിയിച്ചിരുന്ന സാക്ഷരതാമിഷൻ വിനിയോഗസാക്ഷ്യപത്രം നൽകിയിട്ടുള്ളത് 2800/- രൂ വീതം 14 പഠിതാക്കൾക്ക് ഉപയോഗപ്പെടുത്തി എന്നതാണ്.
തുക ഒടുക്കുന്നതൊഴിച്ചാൽ തുടർപ്രവർത്തനങ്ങളൊന്നും മോണിറ്റർ ചെയ്യപ്പെടുന്നില്ല എന്ന് വ്യക്തമാണ്. പദ്ധതിപ്പണം ചെലവഴിച്ചെങ്കിലും, പഠിതാക്കൾ നിശ്ചിതയോഗ്യത നേടിയോ എന്നതിനുള്ള രേഖകൾ ഹാജരാക്കാൻ പ്രേരകുമാർക്കും സാധിച്ചിട്ടില്ല. ഈ വിഷയത്തിലേക്ക്
അധികാരികളുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതലകൾ നിറവേറ്റുന്നില്ല

സ.ഉ (പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.10, 2013ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1 എന്നിവ പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ്സാമ്പത്തികവർഷാരംഭത്തിൽ തന്നെ പ്രൊക്യൂർമെന്റ് കമ്മിറ്റി നടത്തേണ്ടതും ബാധകമായ നടപടിക്രമം അനുസരിച്ച് വാങ്ങേണ്ടതുമാണ്. എന്നാൽ

സ്ഥാപനത്തിലെ പ്രസ്തുത കമ്മിറ്റിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ ഇത്തരത്തിലുള്ളൊരു കണക്കെടുപ്പൊന്നും നടത്തിയിട്ടുള്ളതായി കാണുന്നില്ല.

2019-20 വർഷത്തിൽ ഒരു പ്രാവശ്യം മാത്രം കൂടിയ കമ്മിറ്റി , ഉപകരണങ്ങളും ഫർണിച്ചറും മറ്റും ടെണ്ടർ ക്ഷണിച്ച് വാങ്ങി പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ച് പിരിയുകയാണ് ചെയ്തിട്ടുള്ളത്.

വാങ്ങൽ പദ്ധതിയുടെ തുക നിശ്ചയിക്കുക, അംഗീകാരവും ഫണ്ടുകളും ഉറപ്പാക്കുക, ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുക, വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരപരിശോധന എന്നിവയെല്ലാം പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ചുമതലകളിൽപ്പെടുന്നവയാണ്. പഞ്ചായത്തിന്റെ വികസനത്തിന് സഹായകരവും കർമ്മനിരതവുമായ ഒരു കമ്മിറ്റി രൂപീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന് കീഴിൽ 18 അങ്കണവാടികളാണുള്ളത്. അവയുടെ ഭൗതിക സാഹചര്യം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഭൗതിക സാഹചര്യം | എണ്ണം |
|---|---|---|
| 1 | സ്വന്തം കെട്ടിടമില്ലാത്തവ | 6 |
| 2 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 12 |
| 3 | വൈദ്യുതി കണക്ഷൻ ഇല്ലാത്തവ | 1 |

6 അങ്കണവാടികൾ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലം കണ്ടെത്തുവാനും അവയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനും ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ഗ്രാമപഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി പ്രവർത്തനം തൃപ്തികരമല്ല.

02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 3.3.3.l പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപവത്ക്കരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്. എന്നാൽ 2019-20 വർഷം ഗ്രാമപഞ്ചായത്ത് തല കോർഡിനേഷൻ കമ്മിറ്റി യോഗം ചേർന്നിട്ടില്ല. കോർഡിനേഷൻ കമ്മിറ്റി യോഗം കൃത്യമായ ഇടവേളകളിൽ കൂടേണ്ടതും അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 1-18 സംയുക്ത പ്രോജക്ടുകളുടെ വരവ്, ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല.

ധനകാര്യപത്രിക പ്രകാരം 2019-20 സാമ്പത്തിക വർഷം സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ തുകയും ആയതിന്റെ ചെലവുതുകയും തമ്മിൽ അന്തരം നിലനിൽക്കുന്നു.

| തുക ലഭ്യമാക്കിയ സ്ഥാപനം | ധനകാര്യപത്രിക പ്രകാരം ലഭ്യമായ തുക | ചെലവഴിച്ച തുക (സുലേഖ പത്രിക പ്രകാരം) | കുറിപ്പ് |
|---|---|---|---|

| | | | |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 424366 | 464250 | വരവിനേക്കാൾ കൂടുതൽ ചെലവ് |
| ജില്ലാ പഞ്ചായത്ത് | 601500 | 599936 | നീക്കിയിരിപ്പ് തുകയുടെ വിശദാംശം ലഭ്യമല്ല |

വരവിനേക്കാൾ കൂടുതൽ ചെലവു ചെയ്യാനുണ്ടായ സാഹചര്യം, നീക്കിയിരിപ്പായി അവശേഷിക്കുന്ന തുക തിരികെ അടവാക്കിയോ തുടങ്ങിയ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(23/19-20) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-19 കെ.എസ്.ഇ.ബി. കണക്ഷന് അടങ്കലിൽ നിന്നും അധിക നിരക്കിൽ തുക അനുവദിച്ചു

പ്രോജക്ട് നം.289/20 എം.ആർ.എഫ്. ഷെഡ് നിർമ്മാണം പൂർത്തീകരിക്കൽ

അടങ്കൽ തുക - 1,20,000/- ധനകാര്യകമ്മിഷൻ അവാർഡ്

ചെലവ് തുക - 1,18,923/- രൂപ

ബിൽ നം/ തീയതി - 9/27.07.2019

എംബുക്ക് നം. - 449/18-19

പദ്ധതി പ്രകാരം എം.ആർ.എഫ്. ഷെഡിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ ഇനം.30 KSEB Charges For New Service Connection (Amount Will Be Reimbursed On Producing Original Bill) എന്ന ഇനത്തിന് 15000/- രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ, പ്രവൃത്തി പൂർത്തീകരിച്ച് ബിൽ അനുവദിച്ചപ്പോൾ ഈ ഇനത്തിന് 20000/- രൂപ നൽകി. അംഗീകാരം ലഭിച്ച തുകയുടെ 25%ലും അധികമായി തുക അനുവദിച്ചതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/19-20, തീയതി 17.09.2021) കെ.എസ്.ഇ.ബി. യുടെ സർവീസ് കണക്ഷനായി 32,016/- രൂപ ഒടുക്കേണ്ടി വന്നതായും, ആകെ അടങ്കലിൽ നിന്നും അധികരിച്ചു പോകാതിരിക്കുന്നതിനുവേണ്ടിയാണ് തുക 20,000/- നൽകിയതെന്നും മറുപടി ലഭ്യമാക്കി.

പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ 17.04.2018 ലെ നം.സി.ഇ/ആർ&ബി/ജി.എൽ-18-19(1) കത്ത് പ്രകാരം പ്രവൃത്തി ഇനങ്ങളുടെ അളവുകളിൽ 25% വ്യതിയാനം പരമാവധി അനുവദിക്കാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഇതിലും അധികനിരക്കിലാണ് മേൽ ഇനത്തിന് തുക അനുവദിച്ചത്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-20 സ്റ്റേഡിയത്തിൽ ടോയ് ലറ്റ് നിർമ്മിച്ചത് - പരിപാലനം ഉറപ്പാക്കിയിട്ടില്ല.

പ്രോജക്ട് നം. 175/20 പി.കെ.എച്ച്.എസ്.എസ്. ടോയ്ലറ്റ് നിർമ്മാണം

അടങ്കൽ തുക - 2,60,000/- ശുചിത്വമിഷൻ ഫണ്ട്

ചെലവ് തുക - 257234/- രൂപ (ചെക്ക് നം. 2740252/05.12.2019- 249516 + ചെക്ക് നം. 2740253/05.12.2019-7718)

നിർവ്വഹണാധികാരി – അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന പി.കെ. എച്ച്.എസ്.എസ് സ്റ്റേഡിയത്തിൽ രണ്ടു യൂണിറ്റുള്ള ടോയിലറ്റ് നിർമ്മിച്ചു നൽകിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ.

എ) ഇപ്രകാരം ഒരു ടോയ്ലറ്റ് കോംപ്ലക്സ് നിർമ്മിച്ചു നൽകുന്നതിനായി സ്ഥാപനം അപേക്ഷിച്ചിട്ടില്ല.

ബി) ഇപ്രകാരമൊരു പദ്ധതി ആവശ്യമാണെന്ന് ഗ്രാമസഭാ യോഗത്തിലോ, വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലോ ശുപാർശകളുണ്ടായിട്ടില്ല. ഭരണസമിതിയുടെ 25.02.2019 ലെ 5(3) തീരുമാനപ്രകാരമാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

സി) തദ്ദേശ സ്ഥാപനത്തിന്റെ ആസ്തിയല്ലാത്ത, ഭൂമിയിൽ ടോയ്ലറ്റ് നിർമ്മിച്ചു കൈമാറിയപ്പോൾ ആയതിന് സ്ഥാപനം അനുമതി നൽകിയതിനോ, തദ്ദേശ സ്ഥാപനം നിർമ്മിച്ചു നൽകിയിട്ടുള്ള ടോയ് ലറ്റ് കോംപ്ലക്സിന്റെ തുടർപരിപാലനം സംബന്ധിച്ചോ സ്ഥാപനം തദ്ദേശ സ്ഥാപനവുമായി സമ്മതിച്ച് കരാർ ചമച്ചിട്ടില്ല.

അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.26/19-20 തീയതി 26.09.2021) ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.02.2019 തീയതിയിലെ 5/5(3) നമ്പർ തീരുമാനത്തിലൂടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയത് എന്നും, 2019 ജനവരി അവസാനത്തിൽ ഫണ്ട് ലഭ്യമായപ്പോൾ ഫെബ്രുവരി, മാർച്ച് മാസത്തോടെ

പെരുമാറ്റച്ചട്ടം വരുമെന്നതിനാൽ, അടിയന്തിരമായി പ്രോജക്ട് വച്ചതായും, അതിനാലാണ് വർക്കിംഗ് ഗ്രൂപ്പുകളിൽ പദ്ധതി ഉൾപ്പെടാത്തതെന്നും മറുപടി ലഭ്യമാക്കി. സ്കൂളിന്റെ സ്റ്റേഡിയത്തിൽ പൊതുജനങ്ങൾക്കു കൂടി ഉപകരിക്കുന്ന രീതിയിലാണ് ടോയ് ലറ്റ് നിർമ്മിച്ചിട്ടുള്ളതെന്നും മറുപടി ലഭ്യമാക്കി.

പദ്ധതി പ്രകാരം നിർമ്മിച്ച കൈമാറിയിട്ടുള്ള ടോയ്‌ലറ്റുകളുടെ പരിപാലനത്തിനും, ആയത് പൊതു ജനങ്ങൾക്ക് ഉപയോഗിക്കുന്നതിനു സമ്മതിച്ചുകൊണ്ടുമുള്ള സ്കൂൾ അധികൃതരുടെ സമ്മതപത്രം വാങ്ങി സൂക്ഷിക്കേണ്ടതും, രേഖകൾ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-21 നടപടികൾ സ്വീകരിക്കാത്ത മുൻ ഓഡിറ്റ് പരാമർശങ്ങൾ

2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1.41 പ്രകാരം കട്ട നിർമാണ യൂണിറ്റിനായി ഫെഡറൽ ബാങ്കിൽ ആരംഭിച്ച ജോയിന്റ് അക്കൗണ്ട് ക്ലോസ് ചെയ്ത് നീക്കിയിരിപ്പ് തുക തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിനും തമ്പീസ് ഹോളോ ബ്രിക്സ് യൂണിറ്റിന് നൽകിയ അഡ്വാൻസ് തുക തിരികെ ഈടാക്കുന്നതിനും നിർദ്ദേശിച്ചിരുന്നു.

2019-20 ലെ ബാലൻസ് ഷീറ്റ് പ്രകാരം Other Trust Or Agency Funds എന്ന ശീർഷകത്തിൽ ( 311710199 ) 164910/- രൂപ നീക്കിയിരിപ്പായി അവശേഷിക്കുന്നു .ഓഡിറ്റ് റിപ്പോർട്ടിന്റെ തുടർനടപടികൾ സംബന്ധിച്ച ഫയലിൽ ഖണ്ഡികയിൻമേൽ തുടർനടപടികളൊന്നും സ്വീകരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യാതെ നിലനിർത്തിയിരിക്കുന്നതിന് കാരണവും ഓഡിറ്റ് പരാമർശം തീർപ്പാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിവരവും അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 13/17.09.21) മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | ലൈഫ് പദ്ധതിയ്ക്ക് തുക വകയിരുത്തൽ | 3226 | 3226 | - |

| | | | | | |
|---|---|---|---|---|---|
| | | സ്നേഹസ്പർശം ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 435750 | 435750 | - |
| ബ്ലോക്ക്പഞ്ചായത്ത് | 2019-20 | ലൈഫ് ഭവനപദ്ധതി (എസ് സി ) | 303800 | 150000 | - |
| | | ലക്ഷം വീട് അടിസ്ഥാന സൌകര്യവികസനം | 2800000 | 750000 | |
| | | സ്നേഹസ്പർശം ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 435750 | 164250 | |
| | | ക്ഷീരസമൃദ്ധി പാലിന് ഇൻസന്റീവ് നൽകൽ | 400000 | 100000 | |

## 4-2 നിക്ഷേപപ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവൃത്തികൾക്ക് 2019-20 സാമ്പത്തിക വർഷം നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | തിരികെ ലഭിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| Nil | | | | | |

നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവൃത്തികൾക്ക് 2019-20 സാമ്പത്തിക വർഷം നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | തിരികെ ലഭിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| Nil | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയു | തൻവർഷം ലഭിച്ച തുക | തൻവർഷം അടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ണ്ടായിരുന്ന തുക | | | |
| ഇ.എം.എസ് ഭവനപദ്ധതി | | 13,35,558 | | | |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 72699873 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 67639254 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

*ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | KSA/TVNM/ജി.പി.3/1400/2018, തീയതി.16.06.2018 | 2 |
| 2005-06 | KSA/TVNM/ജി.പി.3/1400/2018, തീയതി.16.06.2018 | 1 |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.3/2275/11, തീയതി.23.11.2011 | 3 |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.3/2276/11, തീയതി.11.12.2012 | 4 |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.3/, തീയതി.21.04.2013 | 6 |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.3/589/14, തീയതി.26.04.2014 | 11 |
| 2012-13 | KSA/TVNM/ജി.പി.3/1488/14, തീയതി.27.10.2014 | 9 |
| 2013-14 | KSA/TVNM/ജി.പി.3/39/15, തീയതി.19.12.2015 | 16 |
| 2014-15 | KSA/TVNM/ജി.പി.3/1087/16, തീയതി.30.07.2016 | 9 |
| 2015-16 | KSA/TVNM/ജി.പി.3/2061/16, തീയതി.01.12.2016 | 22 |
| 2016-17 | KSA/TVNM/ജി.പി.3/1836/2017, തീയതി.08.09.2017 | |
| 2017-18 | KSA/TVNM/ജി.പി.3/2591/2018, തീയതി.16.02.2019 | |
| 2018-19 | KSA/TVNM/ജി.പി.3/ തീയതി | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്